# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

## പ്രവചന കാലയളവ് 26.07.2023 മുതൽ 30.07.2023 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 30/2023,(59) ചൊവ്വാഴ്ച്ച | തീയ്യതി 25/07/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ജൂലൈ 19 മുതൽ ജൂലൈ 25 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2023 ജൂലൈ 26 മുതൽ ജൂലൈ 30 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 19/07 | 20/07 | 21/07 | 22/07 | 23/07 | 24/07 | 25/07 | തീയ്യതി | | 26/07 | 27/07 | 28/07 | 29/07 | 30/07 |
| 9.2 | 11.5 | 0.0 | 0.0 | 64.7 | 51.0 | 76.1 | മഴ (മില്ലീമീറ്റർ) | | 18 | 18 | 8 | 11 | 5 |
| 31.1 | 29.0 | 30.9 | 31.0 | 27.9 | 27.0 | 25.9 | ഉയർന്ന താപനില (°C) | | 26 | 26 | 26 | 26 | 26 |
| 23.5 | 24.6 | 25.2 | 23.1 | 23.2 | 21.5 | 22.0 | കുറഞ്ഞ താപനില (°C) | | 22 | 22 | 22 | 22 | 22 |
| Overcast | Cloudy | Overcast | Overcast | Overcast | Overcast | Overcast | AM | മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Partially Cloudy | Cloudy |
| Cloudy | Cloudy | Overcast | Overcast | Overcast | Overcast | | PM | | | | | | |
| 93 | 99 | 95 | 93 | 99 | 99 | 96 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 88 | 90 | 90 | 88 | 90 |
| 80 | 69 | 69 | 87 | 92 | 98 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 72 | 70 | 72 | 70 | 72 |
| 2.9 | 1.8 | 2.9 | 3.1 | 0.6 | 0.7 | 0.6 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 7 | 8 | 7 | 7 | 6 |
| C | C | C | WSW | C | WSW | W | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | NW | W | WNW | W | NW |
| SW | ESE | NW | C | NNW | C | | PM | | | | | | |
| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | | | | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | | 01/06/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | |
| 212.5 | | | | 1056.5 | | | | | 922.9 | | | | |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ  മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –വിരിപ്പ് (ചിനപ്പ് പൊട്ടുന്ന പരുവം) | ബാക്ടീരിയൽ ഇലകരിച്ചിൽ | മഴക്കാലത്ത് നെല്ലിൽ കാണുന്ന ബാക്ടീരിയൽ ഇലകരിച്ചിൽ രോഗത്തിന് മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. |
| വാഴ | മാണഅഴുകൽ | മഴക്കാലത്ത് വാഴയിൽ മാണ അഴുകലിന് സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. |
| കുരുമുളക് | ദ്രുതവാട്ടം | വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പ് വരുത്തുക. കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ വലിയ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |
| ജാതി | ഇലപൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കാവുന്നതാണ്. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പ് വരുത്തുക. |

മൃഗസംരക്ഷണം:- കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. കുളമ്പ് രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. കാൽമുടന്തോ, പനിയോ കണ്ടാൽ ഉടനടി വൈദ്യസഹായം തേടുക. (CAADECCS KVASU, Mannuthy).